# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പന്തളം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്സ്.എ.പി.റ്റി.എ.പി12 //931

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 03/02/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പന്തളം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ, പത്തനംതിട്ട
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്സ്.എ.പി.റ്റി.എ.പി12 //931 തീയ്യതി: 03/02/2022

## പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഹബീബ് മുഹമ്മദ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-12-2021 | 24-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2021 | 24-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സി. അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ജയപ്രഭ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അനിൽകുമാർ പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രേഖാ അനിൽ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ അന്ന മാതൃ ജോർജ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സച്ചിൻദാസ് എസ്സ് ആർ | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-10-2019 |
| ശ്രീ ആനന്ദ് എസ്സ് വിജയ് | പട്ടികജാതി വികസന ഓഫീസർ | 01-11-2019 | 07-11-2019 |
| ശ്രീമതി ബിജി ജി എസ്സ് | പട്ടികജാതി വികസന ഓഫീസർ | 08-11-2019 | 31-03-2020 |
| ശ്രീമതി ആശ വി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ ആരിഫ് മുഹമ്മദ് എം | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി റാഹില ബീഗം എം | ശിശു വികസന പദ്ധതി ഓഫീസർ(പന്തളം ) | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീല എ ഡി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 31-12-2019 |
| ശ്രീ ജോയ്സി കെ കോശി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-01-2020 | 31-03-2020 |
| ശ്രീ ജയപ്രസാദ് കെ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ പ്രദീപ് കുമാർ കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ (പന്തളം) | 01-04-2019 | 31-03-2020 |
| ശ്രീമതി ഗീത എം.ജി. | ശിശുവികസനപദ്ധതി ഓഫീസർ (കുളനട) | 01-04-2019 | 18-07-2019 |
| ശ്രീമതി പ്രിയദർശിനി എസ്. | ശിശുവികസന ഓഫീസർ (കുളനട) | 19-07-2019 | 31-03-2020 |
| ഡോ. ശ്രീകല കെ.എസ്. | മെഡിക്കൽ ഓഫീസർ (തുമ്പമൺ സി.എച്ച്.സി.) | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Joe M James (Computer Assistant, On 07-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Joe M James (Computer Assistant, On 02-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Joe M James (Computer Assistant, On 07-01-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Joe M James (Computer Assistant, On 07-01-2022) | 1-4 |
| 5 | ലഭ്യമായ ഗ്രാന്റുകൾ സമയ ബന്ധിതമായി വിനിയോഗിക്കാത്തത് മൂലം തൻ വർഷം ഗ്രാന്റിനത്തിൽ ലഭിച്ച തുകയിൽ 2.52 കോടി രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടു<br>Written By: Jayaprabha P (Asst. Audit Officer, On 29-12-2021)<br>Last Updated By: Joe M James (Computer Assistant, On 07-01-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Joe M James (Computer Assistant, On 07-01-2022) | 1-5 |
| 7 | ആഭ്യന്തരനിയന്ത്രണം<br>Written By: C. Anilkumar (Audit Officer, On 29-12-2021)<br>Last Updated By: Joe M James (Computer Assistant, On 02-02-2022) | 1-6 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Joe M James (Computer Assistant, On 02-02-2022) | 1-7 |
| 9 | ഹാജർബത്ത അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Joe M James (Computer Assistant, On 02-02-2022) | 1-8 |
| 10 | പാലിയേറ്റീവ് കെയർ നടത്താതെ വാഹന വാടക നൽകി<br>Written By: P Anilkumar (Senior Grade Auditor, On 29-12-2021)<br>Last Updated By: Joe M James (Computer Assistant, On 02-02-2022) | 1-9 |
| 11 | പാലിയേറ്റീവ് കെയർ വാഹനത്തിന് അധികം തുക നൽകി<br>Written By: P Anilkumar (Senior Grade Auditor, On 29-12-2021)<br>Last Updated By: Joe M James (Computer Assistant, On 02-02-2022) | 1-10 |
| 12 | ഗുണഭോക്താക്കളുടെ അക്കൗണ്ട് രേഖകൾ ഹാജരാക്കിയില്ല<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Joe M James (Computer Assistant, On 10-01-2022) | 1-11 |
| 13 | ഗുണഭോക്തൃ തിരഞ്ഞെടുപ്പിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Joe M James (Computer Assistant, On 02-02-2022) | 1-12 |
| 14 | ഇ -ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചില്ല<br>Written By: C. Anilkumar (Audit Officer, On 29-12-2021)<br>Last Updated By: Joe M James (Computer Assistant, On 02-02-2022) | 1-13 |
| 15 | പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 2.34കോടി രൂപ ലാപ്സാക്കി<br>Written By: C. Anilkumar (Audit Officer, On 29-12-2021)<br>Last Updated By: Joe M James (Computer Assistant, On 02-02-2022) | 1-14 |
| 16 | എഴീക്കാട് ഗ്യാസ് ക്രിമറ്റോറിയം പദ്ധതി സ്പിൽ ഓവർ പ്രോജക്ടിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയില്ല | 1-15 |

| | | |
|---|---|---|
| | Written By: C. Anilkumar (Audit Officer, On 29-12-2021)<br>Last Updated By: Joe M James (Computer Assistant, On 10-01-2022) | |
| 17 | ജി.എസ്.ടി ഈടാക്കിയതിൽ കുറവ്<br>Written By: C. Anilkumar (Audit Officer, On 29-12-2021)<br>Last Updated By: Joe M James (Computer Assistant, On 02-02-2022) | 1-16 |
| 18 | പഠന മുറി നിർമ്മിക്കുന്നതിന് മുൻകൂർ തുക നൽകി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: Jayaprabha P (Asst. Audit Officer, On 29-12-2021)<br>Last Updated By: Joe M James (Computer Assistant, On 02-02-2022) | 1-17 |
| 19 | സർക്കാർ മാർഗ്ഗ നിർദ്ദേശം അവഗണിച്ച് സിഡ്കോയിൽ നിന്നും ഉപകരണങ്ങൾ വാങ്ങി<br>Written By: Jayaprabha P (Asst. Audit Officer, On 29-12-2021)<br>Last Updated By: Joe M James (Computer Assistant, On 02-02-2022) | 1-18 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Jayaprabha P (Asst. Audit Officer, On 28-12-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Joe M James (Computer Assistant, On 02-02-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Jayaprabha P (Asst. Audit Officer, On 28-12-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Jayaprabha P (Asst. Audit Officer, On 28-12-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Jayaprabha P (Asst. Audit Officer, On 28-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Jayaprabha P (Asst. Audit Officer, On 28-12-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Jayaprabha P (Asst. Audit Officer, On 28-12-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Jayaprabha P (Asst. Audit Officer, On 28-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Joe M James (Computer Assistant, On 02-02-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Joe M James (Computer Assistant, On 02-02-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 28.02.2019 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

2019-20 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

I. Schedule B4 –Grants For Specific Purposes

1.സംയുക്ത പ്രോജക്ടുകൾക്കായി മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകൾ ചെലവഴിക്കാൻ അവശേഷിക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|
| 1 | ഗ്രാമപ്പഞ്ചായത്ത് | 2490000 |
| 2 | ബ്ളോക്ക് പഞ്ചായത്ത് | 3983274 |
| 3 | ജില്ലാപ്പഞ്ചായത്ത് | 4947874 |

തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ യഥാർത്ഥത്തിലുള്ള ബാലൻസ് തുകയാണോ എന്ന് വ്യക്തമല്ല.

2.IAY – 6331251 രൂപയാണ് ബാദ്ധ്യതയായി കാണിച്ചിട്ടുള്ളത്. എന്നാൽ യൂണിയൻ ബാങ്കിലുള്ള IAY അക്കൗണ്ടിൽ ശേഷിക്കുന്നത് 17752399 രൂപയാണ്.

II. Schedule B- 7 – Deposit Received – ഡെപ്പോസിറ്റ് ഇനത്തിൽ തിരികെ നൽകാൻ അവശേഷിക്കുന്ന ചുവടെ ചേർക്കുന്ന തുകകളുടെ കൃത്യത ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1. | Contractor's EMD | 11250 |
| 2. | Suppliers EMD | 6861 |
| 3. | Bidders EMD | 16280 |
| 4. | Contractors Security Deposit | 10500 |

III. Schedule B-18 – വാട്ടർ അതോറിറ്റി, കെ.എസ്സ്.ഇ.ബി എന്നിവിടങ്ങളിൽ വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയിട്ടുള്ള തുകകളുടെ കൃത്യത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| സ്ഥാപനം | നിക്ഷേപിച്ച തുക |
|---|---|
| Water Authority | 9834235 |
| K S E B | 3074210 |

IV. Schedule – RP 40(b) -

1. SBI- IAY- Central & State – A/c No. 67152667360 – നീക്കിയിരുപ്പ് -19000- പാസ്സ് ബുക്കിന്റെ അഭാവത്തിൽ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞില്ല.

2. വാർഷിക കണക്ക് പ്രകാരം 31.03.2020ൽ ട്രഷറി TSB അക്കൗണ്ടിൽ അവശേഷിക്കുന്നത് 8182243 രൂപയാണ്. എന്നാൽ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം ഇത് 8383135 രൂപയാണ്. 200892 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

V.വാടക രജിസ്റ്റർ പ്രകാരം തൻവർഷം 8989 രൂപ വരവുണ്ട്. എന്നാൽ വാർഷിക കണക്ക് പ്രകാരമുള്ള വരവ് 3050 രൂപയാണ്.ടിയിനത്തിലെ ഡിമാന്റ് 39450 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം ടിയിനത്തിൽ കുടിശ്ശിക ഇല്ല.

VI. Development Fund – General –

I-6 പ്രകാരമുള്ള ചെലവ് - 21666080

ചെലവ് പത്രിക പ്രകാരമുള്ള ചെലവ് - 16287323 . വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല

VII. 2020 മാർച്ച് മാസം ബുക്ക് ചെയ്യാത്തിട്ടുള്ള ചെലവുകൾ( ജീവനക്കാരുടെ ശമ്പളം, റിക്കവറികൾ മുതലായവ ) ബാലൻസ് ഷീറ്റിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

VIII. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർക്കുന്ന തുകകൾ (-) ആയി കാണിച്ചിരിക്കുന്നു. കാരണം വ്യക്തമല്ല.

1) 140500105- Electricity Service Connection Charge Collected (₹ 33666)

2) 160100801 – Nirmal Puraskar (₹ 15448)

3) 51630101 – Electricity Line Extension (₹ 2310853)

4) 230500501 – Drinking Water (₹ 2556051)

മേൽ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (12/24.12.2021) മറുപടി ലഭ്യമാക്കിയില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29583647 |
| വരവ് | 32419560 |
| ആകെ | 62003207 |
| ചെലവ് | 34732940 |
| നീക്കിയിരിപ്പ് | 27270267 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ബാക്കി തുകയുടെ വിശദാംശം | |
|---|---|---|---|---|---|---|---|
| | | | | | | ട്രഷറി ക്യൂബിൽ | ലാപ്സായ തുക |
| വികസനഫണ്ട് (ജനറൽ) | 0 | 29628000 | 29628000 | 16287323 | 13340677 | 4490209 | 8850468 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 17367000 | 17367000 | 9237264 | 8129736 | 3083661 | 5046075 |
| വികസനഫണ്ട് (റ്റി.എസ്സ്.പി) | 0 | 151000 | 151000 | 50000 | 101000 | 0 | 101000 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3981000 | 3981000 | 324298 | 3656702 | 918674 | 2738028 |

### 1-4-1 ലഭ്യമായ ഗ്രാന്റുകൾ സമയ ബന്ധിതമായി വിനിയോഗിക്കാത്തത് മൂലം തൻ വർഷം ഗ്രാന്റിനത്തിൽ ലഭിച്ച തുകയിൽ 2.52 കോടി രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടു

| ഗ്രാന്റ് | നീക്കിയിരിപ്പ് |
|---|---|
| വികസനഫണ്ട് (ജനറൽ) | 13340677 |
| വികസനഫണ്ട് (എസ്.സി.പി) | 8129736 |
| വികസനഫണ്ട് (റ്റി.എസ്സ്.പി) | 101000 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 3656702 |
| ആകെ | 25228115 |

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്ന തുകയാണ് ഇത്തരത്തിൽ നഷ്ടമായത്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 98 | 71194972 | 60 | 26216421 | 38 | 61 |

## 1-6 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും താഴെപ്പറയുന്ന കാര്യങ്ങളിൽ പോരായ്മ കാണുന്നു.

(1) ആസ്തി രജിസ്റ്റർ

ബ്ലോക്ക് പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്റർ നാലു വർഷത്തോളമായി പുതുക്കിയിട്ടെന്ന് അസി.എക്സി എഞ്ചിനിയർ എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. നാളിതുവരെ ആർജ്ജിച്ചിട്ടുള്ള എല്ലാ ആസ്തികളുടെയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

(2)കരാർ ചമയ്ക്കൽ

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ചമയ്ക്കുന്ന കരാർ ഉടമ്പടിയിൽ കരാർ കാലാവധി സംബന്ധിച്ച് വ്യവസ്ഥ ഉൾപ്പെടുത്തുന്നില്ല. കരാർ കാലാവധി ലംഘിക്കുന്ന കരാറുകാർക്കെതിരെ നിയമ നടപടി സ്വീകരിക്കണമെങ്കിൽ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തിയേ മതിയാവൂ. ആയതിന് വേണ്ട നിർദ്ദേശം ഭരണസമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12/2018 മുതൽ 12/2019 വരെ | 21.01.2020 മുതൽ 24.01.2020 വരെ | ലഭ്യമാക്കിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.03.2017-08.03.2017 | 01.02.2016 മുതൽ 31.01.2017വരെ | ലഭ്യമാക്കിയിട്ടില്ല |

## 1-8 ഹാജർബത്ത അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.01.2018 ലെ സ.ഉ (അച്ചടി) നം.9/2018 ഉത്തരവ് പ്രകാരം ഹാജർബത്ത ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റിന് പ്രതിമാസം നൽകാവുന്ന ഹാജർ ബത്ത ഒരു യോഗത്തിന് 250 രൂപ നിരക്കിൽ പരമാവധി 1250 (5 യോഗങ്ങൾക്ക്) രൂപയാണ്. എന്നാൽ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റിന് 2019-20 വർഷം പരമാവധിയിലും അധികം തുക നൽകിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം | യോഗങ്ങളുടെ എണ്ണം | നൽകിയ തുക | അനുവദനീയമായത് (5 യോഗങ്ങൾക്ക്) | അധികം നൽകിയത് |
|---|---|---|---|---|
| 7/2019 | 6 | 1500 | 1250 | 250 |
| 8/2019 | 6 | 1500 | 1250 | 250 |
| 10/2019 | 6 | 1500 | 1250 | 250 |
| 11/2019 | 6 | 1500 | 1250 | 250 |
| 12/2019 | 6 | 1500 | 1250 | 250 |
| 1/2020 | 7 | 1750 | 1250 | 500 |
| 2/2020 | 9 | 2250 | 1250 | 1000 |
| 3/2020 | 6 | 1500 | 1250 | 250 |
| ആകെ | 52 | 13000 | 10000 | 3000 |

അധികം നൽകിയ തുക 3000 രൂപ തിരികെ ഈടാക്കി തനതു ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 1-9 പാലിയേറ്റീവ് കെയർ നടത്താതെ വാഹന വാടക നൽകി

ഉമ്പമൺ സിഎച്ച്സിയിലെ 2020മാർച്ച് മാസത്തെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ വാഹന വാടകയായ 8400രൂപ, CBNo.31/19.03.20 പ്രകാരം ശ്രീ.അയ്യപ്പരാജ് ബി., പേരൂർ കിഴക്കേതിൽ ഹൗസ്, പാറക്കര എന്നയാൾക്ക് നൽകിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതു പ്രകാരം പാലിയേറ്റീവ് കെയർ നടത്തിയിരിക്കുന്നത് 07.03.20, 13.03.20, 14.03.20, 16.03.20, 20.03.20, 21.03.20, 23.03.20 എന്നീ തീയതികളിലാണ്. 20, 21, 22തീയതികളിലെ പാലിയേറ്റീവ് കെയർ പ്രവർത്തനം നടത്താതെ 19.03.20 ൽ തുക മാറിയെടുത്തിട്ടുണ്ട്. തുക ചെലവഴിച്ചതിനുശേഷം പാലിയേറ്റീവ് കെയർ നടത്തിയതായി ഫയൽ പരിശോധിച്ചതിൽനിന്ന് ഓഡിറ്റിൽ വ്യക്തമായിട്ടുണ്ട്. ചെലവ് മുൻകൂട്ടിക്കണ്ടുകൊണ്ട് തുക പിൻവലിച്ചിട്ടുള്ളത് ധനവിനിയോഗ മാർഗ്ഗരേഖ [ജി.ഒ.(പി) നം.177/2006തീയതി 12.04.2006] യുടെ ഖണ്ഡിക 6.1 ന്റെ ലംഘനമാണ്.

ഇതു സംബന്ധിച്ച് 17.12.2021 ൽ മെഡിക്കൽ ഓഫീസർക്ക് 03/2020-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. കോവിഡ് സാഹചര്യത്തിൽ സാമ്പത്തിക വർഷം അവസാനിക്കുന്ന 31.03.2020 വരെ ബില്ലുകൾ നൽകാൻ പറ്റില്ല എന്ന പൊതു നിർദ്ദേശം ഉള്ളതുകൊണ്ടും, പാലിയേററീവ് കെയറിന്റെ യാത്രാദിനങ്ങൾ മുൻകൂട്ടി പ്ലാൻ ചെയ്യുന്നതുകൊണ്ടുമാണ് ഇപ്രകാരം മുൻകൂർ ബില്ല് തയ്യാറാക്കിയതെന്ന് മറുപടി ലഭ്യമാക്കി. മറുപടി അംഗീകരിക്കുന്നില്ല. ഇല്ലാത്ത ഒരു ഇനത്തിന് തുക മാറിയെടുക്കാവുന്നതല്ല. മാർച്ച മാസത്തിലെ ചെലവ് തുകക്കുള്ള ബിൽ, തൊട്ടടുത്ത മാസം ട്രഷറിയിൽ സമർപ്പിക്കാവുന്നതാണ്. പാലിയേറ്റീവ് കെയർ നടത്താതെ തുക ചെലവ് ചെയ്തത് ധനദുർവിനിയോഗമാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-10 പാലിയേറ്റീവ് കെയർ വാഹനത്തിന് അധികം തുക നൽകി

ഉമ്പമൺ സിഎച്ച്സിയിലെ 2019-20 വർഷത്തെ സെക്കൻഡറി പാലിയേറ്റീവ് കെയർ പ്രവർത്തനത്തിനുള്ള വാഹനത്തിന്റെ വാടകയിനത്തിൽ, എഗ്രിമെന്റിലുള്ളതിനേക്കാൾ ഉയർന്ന നിരക്ക് നൽകി.

പാലിയേറ്റീവ് കെയറിനുള്ള പ്രോജക്ട് നം.06/2020 ന്റെ ഭാഗമായി വാഹന ഉടമകളിൽനിന്ന് ക്വട്ടേഷൻ ക്ഷണിച്ചതിൽ, കുറഞ്ഞ നിരക്ക് (പ്രതിദിനം 1000രൂപ) ക്വോട്ട് ചെയ്തത് ശ്രീ.അയ്യപ്പരാജ് ബി., പേരൂർ കിഴക്കേതിൽ ഹൗസ്, പാറക്കര എന്ന വ്യക്തിയാണ്. 01.04.2019 മുതൽ 31.03.2020 വരെയുള്ള കാലയളവിൽ പാലിയേറ്റീവ് കെയർ ദിവസങ്ങളിൽ 44 കിലോമീറ്റർ ദൂരം സഞ്ചരിക്കുന്നതിന് ഇതേ നിരക്കിൽ വാഹനം ലഭ്യമാക്കാമെന്ന് മെഡിക്കൽ ഓഫീസറുമായി കരാർ ഒപ്പിട്ടിട്ടുണ്ട്. വാഹനത്തിന്റെ ഇന്ധനച്ചെലവ് വർദ്ധിച്ചതിനാൽ 08/2019മുതൽ പ്രതിദിനം 1200 രൂപവീതം നൽകണമെന്ന് അഭ്യർത്ഥിച്ച് ശ്രീ.അയ്യപ്പരാജ് 07.07.2019ൽ മെഡിക്കൽ ഓഫീസർക്ക് കത്തു നൽകി. ഇതേത്തുടർന്ന് മെഡിക്കൽ ഓഫീസർ 23.07.2019ൽ 235/19-ാം നമ്പർ ഉത്തരവ് മുഖേന വാഹനവാടക 1000ൽനിന്ന് 1200 ആയി വർദ്ധിപ്പിക്കുകയും തുടർന്നുള്ള മാസങ്ങളിൽ പുതുക്കിയ നിരക്ക് നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ.

| മാസം | പാലിയേറ്റീവ് കെയർ ദിനങ്ങളുടെ എണ്ണം | അനുവദനീയമായ തുക | അനുവദിച്ചത് | അധികം നൽകിയത് | ബിൽ നം./തീയതി |
|---|---|---|---|---|---|
| 08/2019 | 7 | 7000 | 8400 | 1400 | CBNo.15/16.10.19 |
| 09/2019 | 7 | 7000 | 8400 | 1400 | CBNo.14/16.10.19 |
| 10/2019 | 7 | 7000 | 8400 | 1400 | CBNo.18/20.11.19 |
| 11/2019 | 7 | 7000 | 8400 | 1400 | CBNo.23/24.01.20 |
| 12/2019 | 7 | 7000 | 8400 | 1400 | CBNo.26/24.01.20 |
| 01/2020 | 7 | 7000 | 8400 | 1400 | CBNo.28/19.02.20 |
| 02/2020 | 7 | 7000 | 8400 | 1400 | CBNo.30/12.03.20 |
| 03/2020 | 7 | 7000 | 8400 | 1400 | CBNo.31/19.03.20 |
| ആകെ | | 56000 | 67200 | 11200 | |

1000രൂപവീതം അനുവദനീയമായ സ്ഥാനത്ത് ഇപ്രകാരം 1200 രൂപ നൽകിയതുമൂലം 11200രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. വാഹന ഉടമയുമായി 31.03.2020 വരെ സാധുതയുള്ള കരാർ നിലവിലുണ്ടായിരുന്നു. വാഹന ഉടമ പിൻമാറുന്നപക്ഷം ക്വട്ടേഷൻ നടപടികളിലൂടെ മറ്റൊരു വാഹനം ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യത ആരാഞ്ഞിട്ടില്ല.

ഇതു സംബന്ധിച്ച് 17.12.2021 ൽ മെഡിക്കൽ ഓഫീസർക്ക് 03/2020-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ക്വട്ടേഷനിൽ പങ്കെടുത്ത മറ്റ് വാഹന ഉടമകളുമായി ഫോണിൽ ബന്ധപ്പെട്ടപ്പോൾ അവർ വാഹനം ലഭ്യമാക്കാൻ തയ്യാറായില്ലെന്നും വീണ്ടും

ക്വട്ടേഷൻ ക്ഷണിക്കാൻ മതിയായ സമയം ഇല്ലായിരുന്ന സാഹചര്യത്തിൽ, പാലിയേറ്റീവ് കെയർ പ്രവർത്തനം മുടങ്ങാതിരിക്കുന്നതിനാണ് ഇപ്രകാരം തുക കൂട്ടി നൽകിയതെന്ന് മറുപടി ലഭ്യമാക്കി. മറുപടി അംഗീകരിക്കുന്നില്ല. സുതാര്യമായ നടപടികളിലൂടെ വാഹന സൗകര്യം പുന:ക്രമീകരിക്കുന്നതിന് മതിയായ സമയം ലഭ്യമായിരുന്നിട്ടും അപ്രകാരം ചെയ്യാതെയും, തദ്ദേശ സ്ഥാപനത്തിലെ ഭരണസമിതിയിൽ വിഷയം ചർച്ച ചെയ്യാതെയും വാഹന വാടക കൂട്ടി നൽകിയത് ശരിയായ നടപടിയല്ല. ഇത്തരം പ്രവണതകൾ ഉണ്ടാകാതിരിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 ഗുണഭോക്താക്കളുടെ അക്കൗണ്ട് രേഖകൾ ഹാജരാക്കിയില്ല

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പ്രോജക്ട് പ്രകാരം ( പ്രോ.നം. 12/2019-20) ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയതിൽ തുക ക്രെഡിറ്റ് ചെയ്തിട്ടുള്ള അക്കൗണ്ട് നമ്പരിലുള്ള പാസ്സ് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറികൾ (1/16.12.2021, 8/22.12.2021)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | ബിൽ റഫറൻസ് നമ്പർ, തീയതി | തുക ക്രെഡിറ്റ് ചെയ്ത ബാങ്ക് അക്കൗണ്ട് നമ്പർ, IFSC Code | റിമാർക്സ് |
|---|---|---|---|---|---|
| 1. | ശ്രീലക്ഷ്മി എസ്സ് ശ്രീനിലയം പട്ടുകോട്ടുക്കൽ തട്ടയിൽ | 20000 | 19050663014901047631/ 17.01.2020 | 67305162017, SBIN0070080 | പാസ്ബുക്കിന്റെ പകർപ്പ് ഹാജരാക്കിയില്ല. |
| 2. | നിരുപമ രാജ് കൊച്ചു കാലായിൽ ഉള്ളന്നൂർ പി ഒ കുളനട | 20000 | 19050663014901047631, 07/01/2020 | 67286102846, SBIN0070243 | ഫയലിനോടൊപ്പം ഹാജരാക്കിയ പാസ്സ് ബുക്കിന്റെ പകർപ്പ് പരിശോധിച്ചതിൽ ടിയാളുടെ അക്കൗണ്ട് നമ്പർ 67286120846 ആണ്. |

തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽത്തന്നെയാണ് ക്രെഡിറ്റ് ചെയ്തതെന്ന് ഉറപ്പു വരുത്തുന്ന രേഖകൾ റിപ്പോർട്ട് ലഭിച്ച് രണ്ടു മാസത്തിനകം അടിയന്തിരമായി ഹാജരാക്കാത്ത പക്ഷം ചെലവഴിച്ച തുക നിരാകരിക്കുന്നതും തുക ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

## 1-12 ഗുണഭോക്തൃ തിരഞ്ഞെടുപ്പിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പഠനോപകരണം (പ്രോജക്ട് നമ്പർ 15/2019-20 )എന്ന പ്രോജക്ടിനായി 40 കസേരകളും 40 മേശകളും വാങ്ങിയിട്ടുണ്ട്. ചെലവിന് ആധാരമായി 40 വ്യക്തികൾക്ക് ഓരോ മേശയും കസേരയും വീതം വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് ലഭ്യമാക്കിയത്. വിവിധ ഗ്രാമപ്പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റ് , ഗുണഭോക്താക്കളുടെ അപേക്ഷകൾ, അർഹത തെളിയിക്കുന്ന രേഖകൾ എന്നിവ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(നം.8/22.12.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. റിപ്പോർട്ട് ലഭിച്ച് രണ്ടു മാസത്തിനകം രേഖകൾ ഹാജരാക്കാത്ത പക്ഷം പഠനോപകരണങ്ങൾ നൽകുന്നതിനായി ചെലവഴിച്ച 199986 രൂപ (ബിൽ നമ്പർ 19050663014900873953 തീയതി 27/11/2019) ഓഡിറ്റിൽ നിരാകരിക്കുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

## 1-13 ഇ -ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചില്ല

നികുതീതര വരുമാനമിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നു തിരികെ ലഭിച്ചിട്ടില്ല.

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത്

പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-2017 ലെ സ.ഉ (സാധാ) നമ്പർ 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പന്തളം ബ്ലോക്ക് പഞ്ചായത്തിൽ 2019-20 മുതൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അസി.എക്സി. എഞ്ചിനിയറുടെ പേരിൽ അക്കൗണ്ട് തുടങ്ങുന്നതിന് നടപടി സ്വീകരിക്കേണ്ടതും ക്രഡിറ്റ് വരുന്ന മുറയ്ക്ക് ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതുമാണ്. ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ടെണ്ടർഫീ ഇനത്തിൽ ക്രഡിറ്റ് ചെയ്തിട്ടുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രവൃത്തികളുടെ എണ്ണം | ഒടുക്കിയ ടെണ്ടർഫീ |
|---|---|---|
| 2015-16 | 21 | 119900 |
| 2016-17 | 32 | 128705 |
| 2017-18 | 27 | 78500 |
| 2018-19 | 27 | 92784 |
| ആകെ | 107 | 419889 |

2015-16 മുതൽ 18-19 വരെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീ നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (02/16-12-21) മറുപടിയിൽ ഇ-ടെണ്ടർ ഫീ സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്ക് അസി. എഞ്ചിനിയർ ലഭ്യമാക്കി. ബ്ലോക്ക് പഞ്ചായത്തിന് തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീ യഥാസമയം ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ ക്രഡിറ്റ് വരാഞ്ഞതു മൂലം പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ടെണ്ടർ ഫീ തിരികെ ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന് കിട്ടാനുള്ള തുകയായി പ്രസ്തുത തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. തുക ലഭ്യമാക്കുന്ന മുറയ്ക്ക് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14 പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 2.34കോടി രൂപ ലാപ്സാക്കി

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം 26864035/- രൂപ വകയിരുത്തി 49 പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ചതിൽ 23 പ്രവൃത്തികൾ സ്പിൽ ഓവറും 26 എണ്ണം തൻ വർഷം ഏറ്റെടുത്ത പുതിയ പ്രവൃത്തിയുമാണ്. ഏറ്റെടുത്ത പ്രവൃത്തികളിൽ 35 എണ്ണം ഭാഗികമായി/പൂർണ്ണമായി പൂർത്തീകരിച്ചുവെങ്കിലും 23 പ്രവൃത്തികളുടെ ബിൽ മാത്രമേ ട്രഷറിയിൽ സമയബന്ധിതമായി സമർപ്പിച്ച് തുക ചെലവഴിച്ചിട്ടുള്ളൂ. 05-03-2020 മുതൽ 30-03-20 വരെ സമർപ്പിച്ച 13 ബിൽ (ട്രഷറി ക്യൂവിൽ ഉൾപ്പെട്ടിട്ടുള്ളത്) തൻ വർഷം മാറി തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. 14 പ്രവൃത്തികൾ നടപ്പാക്കിയില്ല.

അസി.എക്സി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻ വർഷം 2600000 ലക്ഷം രൂപ വികസന ഫണ്ടും 400000 രൂപ തനത് ഫണ്ടും ഉൾപ്പെടെ 3000000 രൂപ വകയിരുത്തി എഴീക്കാട് ഗ്യാസ് ക്രിമോറ്റോറിയം എന്ന പേരിൽ ഒരു പ്രോജക്ട് മാത്രമാണ് ആവിഷ്കരിച്ചിരുന്നത്. ഈ പ്രവൃത്തി നടപ്പാക്കാഞ്ഞതിനാൽ വികസന ഫണ്ട് വകയിരുത്തിയത് ലാപ്സായി.

ഏറ്റെടുക്കുന്ന പ്രവൃത്തികൾ പ്രവർത്തന കലണ്ടർ അനുസരിച്ച് സമയബന്ധിതമായി നടപ്പാക്കാതെ സ്പിൽ ഓവറാക്കുന്ന പ്രവണത ആശാസ്യമല്ല. പശ്ചാത്തല മേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് വാർഷിക പദ്ധതിയിൽ ഗ്രാമ പഞ്ചായത്ത് വകയിരുത്തുന്ന തുക, നിർവ്വഹണ ഉദ്യോഗസ്ഥന്റെയും കരാറുകാരുടെയും അനാസ്ഥമൂലം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ചെലവഴിക്കാത്തതുമൂലം കോടികൾ ലാപ്സാകുന്നു. ഫണ്ട് ലാപ്സാക്കുന്നതിന്റെ വിവരം മുൻവർഷങ്ങളിലെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിലും ലഭ്യമാക്കുന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കാതെ നഷ്ടപ്പെടുത്തുന്നതിന്റെ ഗൗരവം എൽ.എസ്.ജി.ഡി പൊതുമരാമത്ത് വിഭാഗം വേണ്ടത്ര ഉൾക്കൊള്ളുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതി | അടങ്കൽ തുക | നടപ്പാക്കിയതും തുക ചെലവഴിച്ചിട്ടുള്ളതുമായ പദ്ധതി | ചെലവഴിച്ചതുക | ട്രഷറി ക്യൂവിലായബിൽ | ലാപ്സായ ബിൽ തുക | ലാപ്സാകാത്ത അടങ്കൽ | ലാപ്സായ അടങ്കൽ |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| അസി.എഞ്ചിനിയർ | 49 | 26864035 | 23 | 4460233 | 13 | 4435537 | 1621190 | 16347075 |
| അസി.എക്സി. എഞ്ചിനിയർ | 1 | 3000000 | 0 | 0 | 0 | 0 | 400000 | 2600000 |
| ആകെ | 50 | 29864035 | 23 | 4460233 | 13 | 4435537 | 2021190 | 18947075 |

സാമ്പത്തിക വർഷാവസാനം സമർപ്പിച്ച ബിൽ കുടിശ്ശികയിലായതു മൂലവും പ്രവൃത്തികൾ നടപ്പാക്കാതിരുന്നതിനാലും പശ്ചാത്തല വികസനം ലക്ഷ്യമാക്കി ആവിഷ്കരിച്ച പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 23382612/- രൂപ 2019-20 ൽ ലാപ്സാക്കി. മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതെ കാലാവധി ദീർഘിപ്പിച്ച് നൽകിയും അല്ലാതെയും പദ്ധതി പ്രവർത്തനം നീട്ടിക്കൊണ്ടുപോകുകയും മാർച്ച് അവസാനത്തോടെ പൂർത്തീകരിച്ച് കൂടുതൽ ബില്ലുകൾ സമർപ്പിക്കുകയും ട്രഷറി നിയന്ത്രണം മൂലം കുടിശ്ശികയാവുകയും തുക ചെലവഴിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. മുൻ വർഷങ്ങളിൽ ഫണ്ട് ലാപ്സാകുന്ന അവസ്ഥ റിപ്പോർട്ട് ചെയ്തിട്ടും ആയതിന് പരിഹാര നടപടികൾ ഉണ്ടായിട്ടില്ല. നിർമ്മാണ വേളയിൽ ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തുന്നതിനായി എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം നൽകുന്നതിനുള്ള കാലതാമസവും മോണിട്ടറിംഗ് സമിതിയുടെ മേൽ നോട്ടത്തിലുള്ള അഭാവവും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും കരാറുകാരുടെയും ഭാഗത്ത് നിന്നുള്ള വീഴ്ചയും മൂലം മരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ 2.34കോടി രൂപ തൻവർഷം ലാപ്സാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/21-12-2021) അസി.എക്സി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. 2020 മാർച്ച് അവസാനം കോവിഡ് മഹാമാരി മൂലം പ്രഖ്യാപിച്ച ലോക്ഡൗണും സാങ്കേതിക വിഭാഗത്തിലെ സ്റ്റാഫിന്റെ കുറവും നടത്തിപ്പിനെ സാരമായി ബാധിച്ചുവെന്നും അസി. എക്സി.എഞ്ചിനിയർ എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. സാങ്കേതിക വിഭാഗം ചൂണ്ടിക്കാട്ടിയ കാര്യങ്ങൾ ശരിയാണെങ്കിലും 2.34കോടി രൂപ നഷ്ടമായെന്നുള്ളത് സ്പഷ്ടമാണ്. പ്രസ്തുത തുക തിരികെ ലഭിക്കുന്നതുമല്ല. ഫണ്ട് ലാപ്സാക്കുന്ന പ്രവണത ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

മോണിട്ടറിംഗ് സമിതിയുടെ മേൽനോട്ടത്തിലുള്ള അഭാവവും വികസന സ്റ്റാന്റിംഗ് കമ്മിറ്റി വാർഷിക പദ്ധതി യഥാസമയം വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിലെ പോരായ്മയും കരാറുകാർ സമയ ബന്ധിതമായി പ്രവൃത്തി നടപ്പാക്കാതെ നിർവ്വഹണ ഘട്ടത്തിൽ കാട്ടുന്ന അനാസ്ഥയും സാങ്കേതിക വിഭാഗത്തിലെ സ്റ്റാഫ് പരിമിതമായതും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് കാലതാമസമുണ്ടാക്കി. ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-15 എഴീക്കാട് ഗ്യാസ് ക്രിമറ്റോറിയം പദ്ധതി സ്പിൽ ഓവർ പ്രോജക്ടിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയില്ല

അസി എക്സി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം ആറന്മുള ഗ്രാമ പഞ്ചായത്തിലെ എഴീക്കാട്ട് ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയിരുന്നു. 2600000/- രൂപ വികസന ഫണ്ടും (എസ്.സി.പി) 400000/- രൂപ തനതും ഫണ്ടും ഉൾപ്പെടെ 3000000/- രൂപയാണ് പദ്ധതിക്ക് വകയിരുത്തിയത്. ഗ്രാമ പഞ്ചായത്തിന്റെ മേഖല ചുമതലയിൽ വരുന്ന ശ്മശാന നിർമ്മാണത്തിന് ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകിയതിന്റെ രേഖകളില്ല. പദ്ധതിക്ക് സ്ഥലം കണ്ടെത്തി ടെണ്ടർ നടപടികൾ സ്വീകരിക്കാൻ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. വികസന ഫണ്ടിനത്തിൽ വകയിരുത്തിയ 2600000/- രൂപ തൻവർഷം നഷ്ടപ്പെടുത്തി. 2020-21 ൽ പദ്ധതി സ്പിൽ ഓവർ ആക്കിയിട്ടുമില്ല. ഇക്കാര്യം എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തിന് മറുപടിയായി പദ്ധതിക്കായി സ്ഥലം രേഖാമൂലം എഴുതി നൽകുന്നതിലെ പ്രശ്നങ്ങൾ കാരണം തുടർ നടപടികൾ സ്വീകരിച്ചിരുന്നില്ലെന്നും പദ്ധതി ഉപേക്ഷിച്ചതായി തീരുമാനം കൈക്കൊണ്ടിട്ടില്ലെന്നും പ്രസിഡന്റ് അറിയിച്ചു. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 ജി.എസ്.ടി ഈടാക്കിയതിൽ കുറവ്

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യത്തിന് അനുസൃതമായി ഫൈനൽ ബില്ലിൽനിന്ന് ജി.എസ്.ടി ഈടാക്കിയില്ല. പാർട്ട് ബിൽ പ്രകാരമുള്ള പ്രവൃത്തിമൂല്യം രണ്ടര ലക്ഷത്തിൽ കുറവായത് കാരണം ജി.എസ്.ടി ഈടാക്കാതെയാണ് കരാറുകാരന് പ്രതിഫലം നൽകിയത്. എന്നാൽ ഫൈനൽ ബിൽ പ്രകാരം ആകെ പ്രവൃത്തിമൂല്യത്തിന്റെ ജി.എസ്.ടി ഈടാക്കുന്നതിന് പകരം പാർട്ട് ബിൽ കഴിച്ചുള്ള ബാലൻസ് പ്രവൃത്തിമൂല്യത്തിന്റേത് മാത്രമാണ് കണക്കാക്കി കുറവ് ചെയ്തത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിശദാംശം | ഈടാക്കേണ്ട ജി.എസ്.ടി | ഈടാക്കിയ ജി.എസ്.ടി | കുറവ് |
|---|---|---|---|
| ഇലവുംതിട്ട വനിതാ വിപണന കേന്ദ്രം(31/19, 77/20) | 7538 | പാർട്ട് ബിൽ : 0<br>ഫൈനൽ ബിൽ: 1922 | |

| | | | |
|---|---|---|---|
| അടങ്കൽ : 550000<br>കരാറുകാരൻ : അനിൽകുമാർ.N.C<br>കരാർ തുക ; 424680.61<br>ആകെ പ്രവൃത്തിമൂല്യം: 376871.34<br>പാർട്ട് ബിൽ തുക : ബിൽ നം/ തീയതി<br>18050663015401537848/27-03-19<br>96052/-<br>ഫൈനൽ ബിൽ തുക : ബിൽ നം/ തീയതി<br>19050663015400826487/15-11-19<br>280819/- | | 5616<br>ആകെ 5616 | |

ജി.എസ്.ടി ഇനത്തിൽ സർക്കാർ ഫണ്ടിനുണ്ടായ ടി 1922/- രൂപയുടെ നഷ്ടം ബന്ധപ്പെട്ട കരാറുകാരനിൽ നിന്ന് ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 1-17 പഠന മുറി നിർമ്മിക്കുന്നതിന് മുൻകൂർ തുക നൽകി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി (പ്രോജക്ട് നമ്പർ 131/2019-20) എന്ന പ്രോജക്ട് പ്രകാരം വിനീത എസ്സ്, ബിജു ഭവനം , പാറക്കര.പി.ഒ, തട്ടയിൽ എന്ന ഗുണഭോക്താവിന് പഠന മുറി നിർമ്മാണത്തിനായി 50000 രൂപ (ബിൽ നം. 19050663014901048098 തീയതി 7.1.2020) മുൻകൂറായി നൽകി. എന്നാൽ നാളിതുവരെ ടിയാൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പഠന മുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യപ്പെട്ട് പട്ടികജാതി വികസന ഓഫീസർ ടിയാൾക്ക് കത്ത് നൽകിയതായി ഫയലിൽ കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 1/16.12.2021) മറുപടി ലഭ്യമാക്കിയില്ല. നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുകയോ അല്ലാത്ത പക്ഷം നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. മുൻകൂർ നൽകിയ തുക 50000രൂപ ഓഡിററിൽ തടസ്സപ്പെടുത്തുന്നു.

## 1-18 സർക്കാർ മാർഗ്ഗ നിർദ്ദേശം അവഗണിച്ച് സിഡ്കോയിൽ നിന്നും ഉപകരണങ്ങൾ വാങ്ങി

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പന്തളം , കുളനട ഡയറി ഓഫീസുകൾക്ക് അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പ്രോജക്ട് നമ്പർ 79/2019-20 ന്റെ ഭാഗമായി സിഡ്കോയിൽ നിന്നും ടെണ്ടർ ക്ഷണിക്കാതെ ലാപ്പ്ടോപ്പ്, പ്രിന്റർ, ഇൻവർട്ടർ, ട്യൂബുലാർ ബാറ്ററീസ് എന്നിവ നേരിട്ടു വാങ്ങിയിട്ടുണ്ട്. (ചെലവ് തുക 19678 രൂപ ബിൽ നം. 200321570117001)

സിഡ്കോ സ്വന്തമായി ഉത്പാദിപ്പിക്കാത്ത ഉപകരണങ്ങൾ ടെണ്ടർ നടപടികളിലൂടെ മാത്രമേ വാങ്ങാൻ പാടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/23.12.2021) 28.06.2018 ലെ ജി.ഒ(ആർ.റ്റി) നം.24/ 18/SPD പ്രകാരം സിഡ്കോയെ ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. ടി ഉത്തരവ് പ്രകാരം 28.05.2018 മുതൽ സർക്കാർ നിശ്ചയിച്ച പ്രൈസ് ലിസ്റ്റിലെ നിരക്ക് പ്രകാരമുള്ളതും സിഡ്കോ സ്വന്തം യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്നതുമായ ഹോസ്പിറ്റൽ ഉപകരണങ്ങൾ , തടി, സ്റ്റീൽ ഫർണിച്ചറുകൾ മുതലായവ ടെണ്ടർ കൂടാതെ വാങ്ങുന്നതിനുള്ള അനുമതിയുടെ കാലാവധി നീട്ടി നൽകുകയാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽ സിഡ്കോ സ്വന്തമായി ഉത്പാദിക്കുന്ന ഉപകരണങ്ങൾ മാത്രമേ ടെണ്ടർ കൂടാതെ വാങ്ങാൻ പാടുള്ളൂ എന്നും അല്ലാത്തവ ടെണ്ടർ നടപടികളിലൂടെ മാത്രമേ വാങ്ങാൻ പാടുള്ളൂ എന്നും നിഷ്കർഷിക്കുന്നുണ്ട്.

സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുമാത്രമേ ഭാവിയിൽ വാങ്ങലുകൾ നടത്താൻ പാടുള്ളൂ. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | സ്ഥാപനം | നൽകിയ തുക | ചെലവഴിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | 5/2019-20ബ്ളോക്ക് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | വാട്ടർ അതോറിറ്റി | 940000 | 0 | 940000 |
| 2 | 11/2019-20ബ്ളോക്ക് പഞ്ചായത്തിലെ വിവധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | വാട്ടർ അതോറിറ്റി | 1690000 | 0 | 1690000 |
| 3 | 13/2019-20സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ(ജനറൽ) | കെ.എസ്സ്.ഇ.ബി | 385486 | 0 | 385486 |
| 4 | 41/2019-20സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ(എസ്സ്.സി.പി) | കെ.എസ്സ്.ഇ.ബി | 123428 | 0 | 123428 |
| 5 | 73/2019-20, കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ(എസ്സ്.സി.പി) | വാട്ടർ അതോറിറ്റി | 110000 | 0 | 110000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2003-04 | 2(1) | പ്രീ മെട്രിക് ഹോസ്റ്റലിന് സ്ഥലം വാങ്ങിയത് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2004-05 | 2(3) | സ്കൂൾ ലൈബ്രറികൾ, ഐ.റ്റി.സി. എന്നിവയ്ക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ | -ടി- |
| 2016-17 | 2-5 B | ഒരേ റോഡിൽ ഗ്രാമ- ബ്ലോക്ക് പഞ്ചായത്തുകൾ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു | -ടി- |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയിട്ടില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| (എ) സംക്ഷിപ്ത വിവരം | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 62003207 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 34732940 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 249986 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 199986 | ശ്രീമതി ബിജി ജി.എസ്., പട്ടികജാതി വികസന ഓഫീസർ |
| 1-17 | 50000 | ശ്രീമതി ബിജി ജി.എസ്., പട്ടികജാതി വികസന ഓഫീസർ |
| ആകെ | 249986 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-16 - 1922 രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി ബിജി ജി.എസ്. | പട്ടികജാതി വികസന ഓഫീസർ, പന്തളം ബ്ലോക്ക് പഞ്ചായത്ത് | TU-UI/1759(1) മണക്കാട്, തിരുവനന്തപുരം 695009 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

കുളനട ബ്ലോക്ക് പഞ്ചായത്ത്

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നമ്പർ/തീയതി |
|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ/പി5/26/00 തീയതി: 09.05.00 |
| 1999-2000 | എൽ.എഫ്.പി.റ്റി.എ/പി5/594/00 തീയതി: 30.01.01 |
| 2000-01 | എൽ.എഫ്.പി.റ്റി.എ/പി5/571/02 തീയതി: 03.02.03 |
| 2001-02 | എൽ.എഫ്.പി.റ്റി.എ/പി5/302/04 തീയതി: 04.08.04 |
| 2002-03 | എൽ.എഫ്.പി.റ്റി.എ/പി6/788/06 തീയതി: 08.02.07 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി6/1029/07 തീയതി: 07.05.08 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/പി6/1030/07 തീയതി: 12.05.08 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി6/1031/07 തീയതി: 12.05.08 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി3/426/08 തീയതി: 13.04.09 |
| 2007-08 | എൽ.എഫ്.പി.റ്റി.എ/പി3/875/09 തീയതി: 23.03.10 |
| 2008-09 | എൽ.എഫ്.പി.റ്റി.എ/പി3/943(എ)/11 തീയതി: 31.12.11 |
| 2009-10 &10-11 | എൽ.എഫ്.പി.റ്റി.എ/പി3/943(ബി)/11 തീയതി: 31.12.11 |

പന്തളം ബ്ലോക്ക് പഞ്ചായത്ത്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2002-03 | എൽ.എഫ്.പി.റ്റി.എ/പി6-389/06 തീയതി:31.01.07/07.07.08 | 2 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി5-692/07 തീയതി:22.1.08/08.02.08 | 1 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/ പി5/763/07തീയതി26/3/08 | 14 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി5-764/07 തീയതി:25.03.09 | 29 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി5-527/08തീയതി:25.03.09 | 29 |
| 2007-08 | എൽ.എഫ്.പി.റ്റി.എ/പി-3-874/09 തീയതി:07.04.10 | 16 |
| 2008-09 | എൽ.എഫ്.പി.റ്റി.എ/പി-2-31/11 തീയതി:04.10.11 | 12 |
| 2009-10 & 10-11 | എൽ.എഫ്.പി.റ്റി.എ/പി-2-256/13 തീയതി:08.10.13 | 17 |
| 2011-12 & 12-13 | എൽ.എഫ്.പി.റ്റി.എ/പി2/224/14 തീയതി:05.06.14 | 11 |
| 2013-14 | കെ.എസ്.എ.പി.റ്റി.എ/പി13-555/16 തീയതി02.06.2017 | 12 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി3- 1019/2016 20.09.2016 | 4 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി13-194/2017 10.05.2017 | 4 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി12-1323/18 07.12.17 | 8 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി12-324/19 20.05.19 | 17 |
| 2018-19 | നം.കെ.എസ്.എ.പി.റ്റി.എ.പി.12-854/2019/15.10.2019 | 14 |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്